**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3536** **20.10.2016-ൽ മറുപടിയ്ക്ക്**

**ലഫ്. കേണൽ ഇ.കെ. നിരഞ്ജൻ സ്മാരക റോഡ്**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി. ഉണ്ണി :** | | **ശ്രീ.ജി.സുധാകരൻ** (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കരിമ്പുഴ ഗ്രാമ പഞ്ചായത്തിൽപ്പെടുന്ന കരിയോട് മുതൽ എലുമ്പുലാശ്ശേരി ഐ.ടി.ഐ. വരെയുള്ള റോഡ് (ലഫ്.കേണൽ ഇ.കെ. നിരഞ്ജൻ സ്മാരക റോഡ് ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ; | (എ) (ബി) (സി) & (ഡി) | പരിഗണനയിലുണ്ട്. 06.01.2016-ലെ മന്ത്രിസഭായോഗതീരുമാന പ്രകാരം പാലക്കാട് ജില്ലയിലെ പൊന്നംകോട്-എളമ്പുലശ്ശേരി റോഡ് പുനരുദ്ധാരണം നടത്തുന്നതിന് 4 കോടി രൂപ 2016-17 ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് പണി ചെയ്യുന്നതിനും 10 കി.മീ.റോഡിൽ 2 കി.മീ. പഞ്ചായത്ത് റോഡ് PWD ഏറ്റെടുക്കാനും നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ റോഡ് ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ അടിയന്തിരമായി സർക്കാരിൽ സമർപ്പിക്കാൻ 27/01/2016, 1/08/2016 എന്നീ തീയതികളിലെ 1323/H1/2016/പൊ.മ.വ. നമ്പർ കത്ത് പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച പ്രൊപ്പോസൽ നാളിതുവരെ ലഭിച്ചിട്ടില്ല. ചീഫ് എഞ്ചിനീയറിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കി നടപടി സ്വീകരിക്കുന്നതാണ്. കൂടുതൽ പഞ്ചായത്തു റോഡുകൾ ഏറ്റെടുക്കാൻ PWD-യ്ക്ക് സാമ്പത്തികമായി കഴിയുന്നതല്ല. |
| (ബി) പൊതുമരാമത്ത് (എച്ച്) വകുപ്പിലെ 1323/H1/16 പൊ.മ.വ. നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | | |
| (സി) പ്രസ്തുത റോഡ് ഏറ്റെടുക്കണമെന്ന് മന്ത്രിസഭ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | | |
| (ഡി) പ്രസ്തുത റോഡ് അടിയന്തിരമായി ഏറ്റെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ